# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4994** **28.10.2016 ൽ മറുപടിയ്ക്ക്**

## ജൈവ കൃഷി

| ചോദ്യം<br>**ശ്രീ.പി.കെ.ബഷീർ** | | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** |
|---|---|---|
| എ) | കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ; | എ) തീരുമാനിച്ചിട്ടുണ്ട്. കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി ജൈവകൃഷി വ്യാപന പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്നു. ജൈവകൃഷിയെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ ജില്ലകളിലും നിയോജകമണ്ഡലാടിസ്ഥാനത്തിൽ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ജൈവകൃഷി നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കി കർഷകർക്ക് പരിശീലനം നൽകി വരുന്നു. |
| ബി) | ജൈവകൃഷി വ്യാപനത്തിന് പ്രത്യേകമായി എന്തെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ; | ബി) പദ്ധതി രൂപീകരിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 10 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ആയതിൽ നാളിതുവരെ 35,55,349 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) | സംസ്ഥാനത്ത് പ്രതിവർഷം ആവശ്യമായ പച്ചക്കറികളുടെ എത്ര ശതമാനമാണ് സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിൽ ജൈവകൃഷിയിലൂടെയുള്ളവ എത്ര ശതമാനമായി വർദ്ധിച്ചുവെന്ന് അറിയിക്കാമോ? | സി) സംസ്ഥാനത്തിന്റെ മൊത്തം ആവശ്യത്തിന്റെ 31.4% പച്ചക്കറിയാണ് ഇപ്പോൾ സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നത്. ഒരു വർഷം ഏകദേശം 20 ലക്ഷം ടൺ പച്ചക്കറികൾ ആവശ്യമുണ്ട്. ഇതിൽ 6.28 ലക്ഷം ടൺ പച്ചക്കറികൾ കേരളത്തിൽ ഉൽപാദിപ്പിക്കുന്നുണ്ട്. നിലവിലെ കണക്ക് പ്രകാരം ജൈവപച്ചക്കറി ഉല്പാദനം 10% വർദ്ധിച്ചിട്ടുണ്ട്. |

S. [signature]

**സെക്ഷൻ ഓഫീസർ**